കാരുണ്യ ഡിപ്പോസിറ്റ് സ്കീം പുനഃക്രമീകരിക്കാൻ നടപടി

8 (2097) ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ. ബാബു പോൾ:
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യാ ഡിപ്പോസിറ്റ് സ്കീം പ്രകാരം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും ഇതിനായി പാലിക്കപ്പെടേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ ഒഴിവാക്കി പ്രായഭേദമില്ലാതെ മാനസികമായും ശാരീരികമായും അവശതയനുഭവിക്കുന്നവർക്കു വേണ്ടി ഈ സ്കീം പുനഃക്രമീകരിക്കുമോ ?

ഉത്തരം

(എ) ഡിഫറൻഷ്യലി ഏബിൾഡ് വിഭാഗത്തിൽപ്പെടുന്ന (മാനസിക വെല്ലുവിളി നേരിടുന്ന/അനാഥൻ) കുട്ടികളുടെ സംരക്ഷണാർത്ഥം പ്രവാസി ഇന്ത്യാക്കാർ ഉൾപ്പെടെയുള്ള വ്യക്തികൾവഴി മിനിമം ഒരു ലക്ഷം രൂപ ഒരു വർഷത്തേക്ക് ട്രഷറി നിക്ഷേപം സ്വീകരിച്ച് നിക്ഷേപകൻ സ്പോൺസർ ചെയ്യുന്ന ബി.പി.എൽ. കുടുംബത്തിൽ നിന്നുള്ള 5 മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടിക്ക് ചികിത്സ, ട്യൂഷൻ ഫീ, പോഷകാഹാര സപ്ലിമെന്റ്, വസ്ത്രം, കമ്പ്യൂട്ടർ എന്നീ ഇനങ്ങളിലായി ചെലവഴിക്കാൻ 15,000 രൂപ അനുവദിക്കുന്നതാണ്. ഈ പദ്ധതി സ്പോൺസർ ചെയ്യപ്പെടുന്ന കുട്ടി അംഗീകൃത അനാഥാലയം/സ്പെഷ്യൽ സ്ക്കൂൾ എന്നിവയിലെ വിദ്യാർത്ഥി ആയിരിക്കണം. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് ഒരു കുട്ടി അർഹനായിട്ടുണ്ട്. പ്രസ്തുത കുട്ടിക്ക് ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടികൾ പൂർത്തകരിച്ചുവരുന്നു.

(ബി) ഇത് കുട്ടികൾക്ക് വേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതി യാണെന്നതിനാലും മുതിർന്ന ആളുകൾക്ക് വേണ്ടിയുള്ള സേവനങ്ങൾ ഈ വകുപ്പിന്റെ തന്നെ മേൽനോട്ടത്തിൽ നൽകിവരുന്നുണ്ടെന്നതിനാലും കാരുണ്യ നിക്ഷേപ പദ്ധതിയുടെ നിബന്ധനകളിൽ തല്ക്കാലം മാറ്റം വരുത്തേണ്ട ആവശ്യമില്ല.

താലോലം പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളിൽ നിന്നും റഫർ ചെയ്യുന്ന കുട്ടികൾ

9(2088) ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിന്നോ താലോലം പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് ആശുപത്രികളിൽ നിന്നോ റഫർ ചെയ്യപ്പെട്ട്

LIBRARY ARCHIVES Kerala Legislative Assembly